## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 1658**

**04/10/2016 ൽ**
**മറുപടിയ്ക്ക്**

### ഖാദി തൊഴിലാളികളുടെ മിനിമം കൂലി

**ചോദ്യം**
**ശ്രീ.എം.രാജഗോപാലൻ**

**ഉത്തരം**
**ഇ.പി.ജയരാജൻ**
**(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഖാദി തൊഴിലാളികളുടെ മിനിമം കൂലി എത്രയാണെന്ന് വ്യക്തമാക്കുമോ ; തൊഴിലുറപ്പ് തൊഴിലാളികളുടെ കൂലി പോലും ലഭ്യമല്ലാത്ത ഈ തൊഴിലാളികളെ സഹായിക്കാനും ഖാദി മേഖലയെ സംരക്ഷിക്കാനും എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | 01/04/2016 ലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഖാദി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ നൂൽപ് തൊഴിലാളിക്ക് 247.08 രൂപയും നെയ്ത്തു തൊഴിലാളിക്ക് 286.23 രൂപയും പ്രതിദിന മിനിമം കൂലിയായി ലഭിക്കും. ഉല്പാദന ലക്ഷ്യം നേടുന്ന തൊഴിലാളികൾക്കാണ് മേൽ നിരക്കിൽ വേതനം ലഭിക്കുന്നത്. മേല്പറഞ്ഞ കൂലി കൂടാതെ ഉല്പാദന ഇൻസെന്റീവ് ഒരു കഴി നൂല്പിന് 60 പൈസയും ഒരു കഴി നെയ്ത്തിന് 1.80 രൂപയും നൽകുന്നുണ്ട്. കൂടാതെ ഓണം, ഉത്സവബത്ത, ക്ഷേമനിധി, ഇ.എസ്.ഐ ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്.<br>ഖാദി മേഖലയെ സംരക്ഷിക്കുന്നതിന് സർക്കാർ ഈ മേഖലയിൽ ആധുനികവൽക്കരണം നടപ്പാക്കുന്നതാണ്. പുതിയ ചർക്കകളും തറികളും സ്ഥാപിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആയാസ |

| | | | |
|---|---|---|---|
| | | | രഹിതമായ ചർക്കകളും തറികളും സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. പാരമ്പര്യേതര ഊർജ്ജമായ സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ചർക്കകളും തറികളും സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | തൊഴിലാളികളുടെ പെൻഷൻ തുക എത്രയെന്നും ഇവ വർദ്ധിപ്പിക്കാൻ നടപടികൾ ഉണ്ടാകുമോ എന്നും വ്യക്തമാക്കുമോ? | (ബി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ